"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് രോഗികൾക്കായി ഭക്ഷണം അനുവദിച്ച വകയിൽ പാലക്കാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.388/2025/DMD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:- 1. പാലക്കാട് ജില്ലാകളക്ടറുടെ 22.02.2025, 16.04.2025 എന്നീ തീയതികളിലെ DCPKD/3591/2021-J5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് രോഗികൾക്കായി സ്വീറ്റ് കാന്റീൻ &കാറ്ററിംങ് യൂണിറ്റ് പാലക്കാട് മെഡിക്കൽ കോളേജിൽ ഭക്ഷണം നൽകിയതുമായി ബന്ധപ്പെട്ട് 17,73,706 രൂപ 2245-02-101-94-01 Flood other items എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം പാലക്കാട് ജില്ലാകളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദാമയി പരിശോധിച്ചു. കോവിഡ് രോഗികൾക്കായി ഭക്ഷണം നൽകിയ വകയിൽ സ്വീറ്റ് കാന്റീൻ & കാറ്ററിംങ് യൂണിറ്റിന് തുക അനുവദിക്കുന്നതിനായി 2245-02-101-94-01 Flood Other items എന്ന ശീർശകത്തിൽ നിന്ന് പാലക്കാട് ജില്ലാകളക്ടർക്ക് 17,73,706/- രൂപ (പതിനേഴ് ലക്ഷത്തി എഴുപത്തിമൂവ്വായിരത്തി എഴുന്നൂറ്റിയാറ് രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും, തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ